I/5623068/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/439/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23-02-2023

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി (CC) യോഗങ്ങളിൽ വകുപ്പ് തലവന്മാരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതും റിപോർട്ടുകൾ സത്വരം ലഭ്യമാക്കുന്നതും - സംബന്ധിച്ച്.

സൂചന:- സ.ഉ (സാധാ) നം.1960/2016/തസ്വഭവ; തീയതി 21.06.2016

**********************

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി അദ്ധ്യക്ഷനായിട്ടുള്ള വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വകുപ്പുകളുടെയും മേധാവികൾ പങ്കെടുക്കാത്തതും യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെട്ടു വരുന്ന വിഷയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള റിപ്പോർട്ടുകൾ യോഗത്തിനുമുൻപായി ലഭ്യമാകാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം പ്രതിമാസാടിസ്ഥാനത്തിൽ നടക്കുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി (CC) യോഗത്തിൽ വിഷയങ്ങളിൽ തീരുമാനമെടുക്കാൻ സാധിക്കാതെ വരുന്നുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി വിളിച്ചുചേർക്കുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല ഏകോപന സമിതി (CC) യോഗത്തിൽ എല്ലാ വകുപ്പുതലവന്മാരും കൃത്യമായി പങ്കെടുക്കണമെന്നുള്ള നിർദ്ദേശം വകുപ്പുകൾ നൽകേണ്ടതാണ്.
2. സെക്രട്ടേറിയറ്റിലെ വകുപ്പുതല ഉദ്യോഗസ്ഥർ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല ഏകോപന സമിതി (CC) യോഗത്തിൽ കൃത്യമായി പങ്കെടുക്കേണ്ടതാണ്.
3. അജണ്ട പ്രകാരം അണ്ടർ സെക്രട്ടറി/അണ്ടർസെക്രട്ടറി തലത്തിന് മുകളിലുള്ള ഉദ്യോഗസ്ഥർ CC യോഗത്തിൽ ഹാജരാകേണ്ടതാണ്.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല ഏകോപന സമിതി (CC) യോഗത്തിന്റെ നടപടികുറിപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ബന്ധപ്പെട്ട വകുപ്പുകൾ ആയത് പ്രകാരം റിപ്പോർട്ടുകൾ സത്വരം ലഭ്യമാക്കേണ്ടതാണ്.

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
ഗ്രാമവികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഡയറക്ടർ, ക്ലീൻ കേരള കമ്പനി.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
ധനകാര്യ വകുപ്പ്
പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
സാമൂഹ്യ നീതി വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
ആരോഗ്യ വകുപ്പ്
വനിതാ ശിശു വികസന വകുപ്പ്
കൃഷി വകുപ്പ്
മൃഗസംരക്ഷണ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sureshkumar K
Date: 23-02-2023 14:47:23

സെക്ഷൻ ഓഫീസർ